കളും പുതുതായി രൂപീകരിക്കുകയും, പാലക്കാട്, കോഴിക്കോട്, പുനലൂർ എന്നീ ഫ്ളൈയിംഗ് സ്ക്വാഡുകൾ പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഇവർക്ക് ആവശ്യമായ തോക്കുകളും വെടിക്കോപ്പുകളും വയർലസ് സെറ്റുകളും വാഹനങ്ങളും നൽകിയിട്ടുണ്ട്.

(സി) വനവിഭവങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോയതിന് കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂൾ പ്രകാരം 39 കേസുകളും, വന നിയമങ്ങൾ ലംഘിച്ചതിന് 989 കേസുകളും, വന്യജീവി സംരക്ഷണ നിയമങ്ങൾ ലംഘിച്ചതിന് 140 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

22 (*547) നിക്ഷേപം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും നിക്ഷേപം സംസ്ഥാനത്തെ ട്രഷറികളിൽ മാത്രം നിക്ഷേപിക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം ഇപ്പോൾ ട്രഷറികളിലാണോ നിക്ഷേപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ട്രഷറികളിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ട്രഷറികളിൽ ഡെപ്പോസിറ്റ് സേവിംഗ്സ്, കൗണ്ടറുകൾ തുറന്ന് പൊതുജനങ്ങൾക്ക് പണം നിക്ഷേപിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങളിൽനിന്നുള്ള നിക്ഷേപസ്വീകരണം സംബന്ധിച്ച് കൂടുതൽ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നിലവിലുണ്ട്. സർക്കുലർ നം. 7/99/ഫിൻ. തീയതി 21-1-'99 പ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയും നിക്ഷേപങ്ങൾ ട്രഷറികളിൽതന്നെയാക്കാനായി, 6% പലിശ നിരക്കിൽ പുതിയ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ട്രഷറികളിൽ തുടങ്ങാനായി നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ നിബന്ധനകൾ അനുസരിച്ചുകൊണ്ട് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളും തങ്ങളുടെ നിക്ഷേപങ്ങൾ ട്രഷറികളിൽ മാറ്റി നിക്ഷേപിക്കുന്നതിന് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സർക്കുലറിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനായി അതിനു തുടർന്നു വന്ന 21-5-99-ലെ സർക്കുലർ നം. 33/99/ധന.യിലും സർക്കുലർ നം.

LIBRARY ARCHIVES Kerala Legislative Assembly

7/99/ധന. ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ ക്ഷേമനിധി ബോർഡുകളുടേയും നിക്ഷേപം ഇപ്പോൾ ട്രഷറികളിൽ തന്നെയാണോയെന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

(സി) സർക്കാരിൽനിന്നും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ നിക്ഷേപങ്ങൾ ട്രഷറിയിൽ തന്നെയാകണമെന്ന് ഇതിനകം തന്നെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താത്ത സ്ഥാപനങ്ങളുടെ ഗ്രാന്റുകളും മറ്റും അടയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ട്രഷറിയിലെ നിക്ഷേപത്തോത് വർദ്ധിക്കാനാണ് സാദ്ധ്യത.

(ഡി) സംസ്ഥാനത്തെ ട്രഷറികളിൽ പൊതുജനങ്ങൾക്ക് പണം നിക്ഷേപിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ മതിയാകുന്നതാണ്.

(ഇ) ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ ഭാരതീയ റിസർവ് ബാങ്ക്, നാളിതുവരെ ആയി ബാങ്കിംഗ് മേഖലയായി അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ വേണ്ടത്ര പ്രചാരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർതലത്തിൽ സാധിച്ചിട്ടില്ല.

23 (*548) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ

ശ്രീമതി രാധാ രാഘവൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ: എം.എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ ഏതെല്ലാമാണ്;

(ബി) ഇവയുടെ ഉൽപ്പാദനശേഷി എത്രയാണ്; ഇവയുടെ ഉൽപ്പാദന ശേഷി പൂർണ്ണമായി ഉപയോഗിക്കുന്നുണ്ടോ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചു; ഏതെല്ലാം;

(ഡി) മറ്റു സംസ്ഥാനത്തുനിന്നും ഇൻഡ്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേക്ക് കൊണ്ടുവരുന്നത് തടയാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികളുടെ പേരും അവയുടെ ഉൽപ്പാദനശേഷിയും (കെയ്സ് കണക്കിൽ ചുവടെ ചേർക്കുന്നു:-)

1. യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ – 2100

LIBRARY ARCHIVES Kerala Legislative Assembly